## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1641** **3.10.2011 ന് മറുപടിയ്ക്ക്**

സപ്ലൈകോയുടെ ഓണക്കാല പ്രവർത്തനം

ചോദ്യം ഉത്തരം

ശ്രീ. റോഷി അഗസ്റ്റിൻ;
,, പി.സി. ജോർജ്:

ശ്രീ.റ്റി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഓണക്കാലത്ത് സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം വിജയകരമായിരിന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ ഓണക്കാലത്ത് മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് എത്തിക്കാനായിട്ടുണ്ട്. ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലും ഒരു ഓണച്ചന്ത എന്ന രീതിയിൽ 152 ഓണച്ചന്തകൾ പ്രവർത്തിപ്പിച്ചിരുന്നു. എല്ലാ സിറ്റി കോർപ്പറേഷനുകളിലും ഓണം മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും ടൗൺ പീപ്പിൾസ് ബസാറുകളും താലൂക്ക് തലത്തിൽ ഓണ മാർക്കറ്റുകളും പ്രവർത്തിപ്പിച്ചിരുന്നു. ഇതിനു പുറമേ എല്ലാ വിൽപ്പനശാലകളും ഓണം മിനി ഫെയറുകളായും പ്രവർത്തിച്ചിരുന്നു. ആഗസ്റ്റ് 30-ാം തീയതി റംസാൻ ആഘോഷിച്ചിരുന്നതിനാൽ ഓണം മെട്രോ/ ടൗൺ പീപ്പിൾസ് ബസാറുകൾ റംസാൻ ഓണം ഫെയറുകളായി ആണ് സംഘടിപ്പിച്ചിരുന്നത്. ഇതിനു പുറമേ എല്ലാ ജില്ലയിലെയും പോലീസ് ഹെഡ് ക്വാർട്ടറുകളിൽ സ്പെഷ്യൽ ഓണം ഫെയറുകളും സംഘടിപ്പിച്ചിരുന്നു. ഇവയിൽ നിന്നും പോലീസ് ഉദ്യോഗസ്ഥന്മാർക്കു പുറമെ പൊതുജനങ്ങൾക്കും അവശ്യ സാധനങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. റംസാൻ ഓണം കാലയളവിൽ (2011 |

| | |
|---|---|
| | ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 8 വരെ) അവശ്യ സാധന വിതരണത്തിലൂടെയും വിവിധ പദ്ധതികളിലൂടെയും സപ്ലൈകോ നേടിയത് ഏകദേശം 350 കോടി രൂപയുടെ മൊത്തം വിറ്റുവരവാണ്. മുൻവർഷത്തെ അപേക്ഷിച്ച് പഞ്ചസാര 25 രൂപ സബ്സിഡി നിരക്കിലും മുന്തിയ ഇനം സോർട്ടക്സ് പച്ചരി, ബോധന, മട്ട എന്നിവ 16 രൂപ നിരക്കിലും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിലകൾ ഇപ്പോഴും തുടരുന്നു. അവശ്യ സാധനങ്ങൾക്ക് പുറമേ പച്ചക്കറികളും പൊതു വിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തു. ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും പ്രത്യേക ഓണച്ചന്തകൾ വഴിയും ആവശ്യത്തിന് നിത്യോപയോഗ സാധനങ്ങൾ വിപണിയിൽ എത്തിച്ചതു വഴി വിപണിയിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ഒഴിവാകുകയും അതു വഴി വില നിലവാരം ഉയരുന്നത് തടയാൻ കഴിയുകയും ചെയ്തു. ഈ ഓണക്കാലത്ത് വിൽപ്പന വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും ഒരു സമ്മാന പദ്ധതിയും സംഘടിപ്പിച്ചിരുന്നു. വിപണിയിൽ ആവശ്യത്തിന് സ്റ്റോക്കെത്തിച്ചതു വഴിയും നൂതനമായ സമ്മാന പദ്ധതികൾ വഴിയും വിറ്റുവരവ് മുൻ വർഷത്തെ അപേക്ഷിച്ച് 17%ത്തോളം വർദ്ധിച്ചിട്ടുണ്ട്. |
| (ബി) ന്യായമായ വിലയിൽ ഗുണനിലവാരമുള്ള ഭക്ഷ്യ സാധനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിന് സപ്ലൈകോ എത്രത്തോളം സജ്ജമായിരുന്നു; വ്യക്തമാക്കുമോ; | (ബി) പ്രത്യേക ഓണച്ചന്തകൾ വഴിയുംവിൽപ്പനശാലകൾ വഴിയും പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് എത്തിച്ചിട്ടുണ്ടായിരുന്നു. കേരളീയരുടെ മുഖ്യാഹാരമായ അരി കിഗ്രാമിന് 16/ രൂപ നിരക്കിൽ വിതരണം ചെയ്തിരുന്നു. സോർട്ടക്സ് ഇനത്തിലുള്ള മട്ട ബോധന, പച്ചരി എന്നിവയാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. മറ്റ് അവശ്യ സാധനങ്ങൾക്ക് പുറമേ പഞ്ചസാരയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. 25 രൂപ നിരക്കിലാണ് |

| | |
|---|---|
| | പഞ്ചസാര വിതരണം നടത്തിയത്. ഗുണനിലവാരം ഉറപ്പാക്കിയ സാധനങ്ങളാണ് എല്ലാ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനായി പ്രത്യേക സ്ക്വാഡുകളും . രൂപീകരിച്ച് പ്രവർത്തിപ്പിച്ചിരുന്നു. |
| (സി) ബി.പി.എൽ. കുടുംബങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യ വസ്തുക്കൾ നൽകുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിരുന്നത്; | (സി)സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾ വഴി ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റുകളാണ് വിതരണം നടത്തിയിരുന്നത്. അരി, പഞ്ചസാര, മുളക്, തേയില എന്നീ ഇനങ്ങൾ ഉൾക്കൊള്ളിച്ച 83.40 രൂപ വിലയുള്ള കിറ്റുകളാണ് സൗജന്യമായി വിതരണം ചെയ്തത്. |
| (ഡി) ഓണം സീസണിൽ എത്ര തുകയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടിരുന്നത്; വിറ്റുവരവ് എത്രയായിരുന്നു? | (ഡി) ഈ ഓണക്കാലത്ത് 300 കോടി രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിട്ടിരുന്നത്. ഈ വർഷം ഓണ സീസണിൽ (ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 8 വരെ) ഏകദേശം 350 കോടിയാണ് വിറ്റുവരവ്. |

സെക്ഷൻ ഓഫീസർ